**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6777** **21-03-2023 - ൽ മറുപടിയ്ക്ക്**

**എല്ലാ ജില്ലകളിലും തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ ആർട്സ് & സയൻസ് കോളേജുകൾ എന്നിവയോട് ചേർന്ന് ആധുനിക സാങ്കേതികത്വമുള്ള തൊഴിൽ സംരംഭ കേന്ദ്രങ്ങൾ എല്ലാ ജില്ലകളിലും ആരംഭിക്കുമെന്ന 2022-23 ലെ ബജറ്റിലെ പ്രഖ്യാപനത്തെ തുടർന്ന് ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) | ഗവൺമെന്റ് ഐ.ടി.ഐ.കളോട് ചേർന്ന് ആധുനിക സാങ്കേതികത്വമുള്ള തൊഴിൽ സംരംഭകേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മിനി ഇൻഡസ്ട്രിയൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു. സംസ്ഥാനത്തെ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ സർക്കാർ ആർട്സ് & സയൻസ് കോളേജുകളോട് ചേർന്ന് തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി തൃപ്പൂണിത്തുറ RLV മ്യൂസിക് ആൻഡ് ഫൈൻ ആർട്സ് കോളേജിനെ തെരഞ്ഞെടുക്കുകയും, മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. മിനി ഇൻഡസ്ട്രിയൽ യൂണിറ്റിനുള്ള പ്രൊപ്പോസൽ അംഗീകരിക്കുകയും 1 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക കോളേജ് വിദ്യാഭ്യാസ വകുപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ പെരുമ്പാവൂർ സർക്കാർ പോളിടെക്നിക്ക് കോളേജിൽ Mini Industrial Unit ആരംഭിക്കുന്നതിനായി 29-9-2022-ലെ സ.ഉ (സാധാ) നമ്പർ. 1437/2022/ ഉ.വി.വ പ്രകാരം 116.92 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ്, തൃശ്ശൂർ, ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജ് ശ്രീകൃഷ്ണപുരം എന്നിവിടങ്ങളിൽ Mini Industrial Unit പ്രവർത്തനങ്ങൾക്കുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ട്. |
| (ബി) | പ്രസ്തുത തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ? | (ബി) | ഗവൺമെന്റ് ഐ.ടി.ഐ.കളോട് ചേർന്ന് ആധുനിക സാങ്കേതികത്വമുള്ള തൊഴിൽ സംരംഭ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി മിനി ഇൻഡസ്ട്രിയൽ |

| | | | |
|---|---|---|---|
| | | | യൂണിറ്റുകൾ ആരംഭിക്കുന്നതിന് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ ഒന്നും തന്നെ നിശ്ചയിച്ചിട്ടില്ല. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിൽ മിനി ഇൻഡസ്ട്രിയൽ യൂണിറ്റ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് മാനദണ്ഡങ്ങൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ